## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 2706      02.04.2013 - ൽ മറുപടിക്ക്

### ബുദ്ധിമാന്ദ്യമുള്ള കുട്ടികളെ പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. സി.കെ.സദാശിവൻ | | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) | മനസ്സും ചിന്തയും വളരാത്ത കുട്ടികളെ പഠിപ്പിക്കുന്ന എത്ര സ്കൂളുകളാണ് കേരളത്തിലുള്ളത്; | (എ) | സംസ്ഥാനത്ത് മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ PWD Act/Rules പ്രകാരം രജിസ്ട്രേഷൻ നൽകിയ 278 സ്ഥാപനങ്ങൾ നിലവിലുണ്ട്. |
| (ബി) | ഇതിൽ സർക്കാർ അധീനതയിലുള്ള സ്കൂളുകളുടെ എണ്ണം വ്യക്തമാക്കാമോ; | (ബി) | സർക്കാർ/എയ്ഡഡ് മേഖലയിൽ സ്കൂളുകൾ നിലവിലില്ല. എന്നാൽ തിരുവനന്തപുരം പാങ്ങപ്പാറയിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്വയം ഭരണ സ്ഥാപനമായ സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ച്ഡ് എന്ന സ്ഥാപനം നിലവിലുണ്ട്. |
| (സി) | ഇത്തരം സ്ഥാപനങ്ങളിൽ പരിശീലനം നേടിയ ട്രെയിനർമാരെ ഉപയോഗപ്പെടുത്തി സ്കൂൾ തലം മുതൽ തൊഴിൽ പരിശീലനം നൽകുന്നതിനും പന്ത്രണ്ടാം ക്ലാസ്സിന് ശേഷം അവർക്ക് ചെയ്യാൻ സാധിക്കുന്ന രീതിയിലുള്ള കുട, കവർ, ചോക്ക്, പാവ, സോപ്പ് തുടങ്ങിയവ നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | (സി) | നിലവിലുള്ള സ്പെഷ്യൽ സ്കൂളുകളിൽ വൊക്കേഷണൽ ട്രെയിനിംഗ് ലഭിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. |

| | | | |
|---|---|---|---|
| (ഡി) | നിർധന കുടുംബത്തിൽപ്പെട്ട ഇത്തരം കുട്ടികൾക്ക് നിശ്ചിത കാലയളവുകളിൽ ചികിത്സാ സഹായം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.